**BSNL EMPLOYEES UNION**
(Regd. under Indian Trade Union Act 1926. Regn. No. 4896)
**KERALA CIRCLE**
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 37/2018-2020 തീയതി: 14-03-2019

# സഞ്ചാർഭവൻ മാർച്ച് 2019 ഏപ്രിൽ 5

സഖാക്കളെ,

ആൾ യൂണിയൻസ്/അസോസിയേഷന്റെ യോഗം മാർച്ച് 12,13,14 തീയതികളിൽ ഡൽഹിയിൽ ചേർന്നു. ഇന്ത്യൻ ടെലികോം രംഗം റിലയൻസ് ജിയോക്ക് തീറെഴുതുവാൻ വേണ്ടി കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നിലപാടിൽ യോഗം ഉൽകണ്ഠ രേഖപ്പെടുത്തി. ബി.എസ്.എൻ.എൽ. തകർക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടികൾ വളരെ കൃത്യമായി നടപ്പാക്കുകയാണ് ഡി.ഒ.ടി. സർക്കാരും ഡി.ഒ.ടി.യും സ്വീകരിക്കുന്ന നിലപാടിന്റെ ഫലമാണ് ഇന്നുണ്ടായിട്ടുള്ള പ്രതിസന്ധി. ജീവനക്കാർക്കും കരാർ ജീവനക്കാർക്കും കൃത്യമായി ശമ്പളംപോലും കൊടുക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. പ്രവർത്തനചിലവുകൾ നിർവഹിക്കുവാൻ ആവശ്യമായ തുകപോലും കടമെടുക്കാൻ ഡി.ഒ.ടി. അനുവദിക്കുന്നില്ല. സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നിർവഹിച്ചതിന്റെ ഭാഗമായി സർക്കാരിൽ നിന്നും ലഭിക്കേണ്ട 2500 കോടി ഈ പ്രതിസന്ധിഘട്ടത്തിൽപോലും നൽകുവാൻ ഡി.ഒ.ടി. തയ്യാറാവുന്നില്ല. പണമടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതിബന്ധംപോലും വിഛേദിക്കപ്പെടുന്നു. ഇത് ബി.എസ്.എൻ.എൽ.ന്റെ സർവീസിനെ ഗുരുതരമായി ബാധിക്കുന്നു. അതുകൊണ്ടുതന്നെ ബി.എസ്.എൻ.എൽ.നെ തകർക്കുവാനുള്ള സർക്കാരിന്റെ രഹസ്യ അജണ്ട ജനങ്ങളിലെത്തിക്കുവാൻ AUAB തീരുമാനിച്ചു. അതിന്റെ ഭാഗമായി പരമാവധി ജീവനക്കാരെ പങ്കെടുപ്പിച്ച് 2019 ഏപ്രിൽ 5 ന് സഞ്ചാർഭവൻ മാർച്ച് സംഘടിപ്പിക്കും. മറ്റു പ്രധാനപ്പെട്ട തീരുമാനങ്ങൾ:

1. കേന്ദ്രസർക്കാർ ബി.എസ്.എൻ.എൽ. നോട് സ്വീകരിക്കുന്ന നടപടികളും അതിനെതിരെ ജീവനക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ അഭ്യർത്ഥിക്കണം.
2. ബി.എസ്.എൻ.എൽ.ന്റെ ഇന്നത്തെ പ്രതിസന്ധിയെ സംബന്ധിച്ചും സഞ്ചാർഭവൻ മാർച്ചിനെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ ജീവനക്കാരിലും എത്തിക്കണം.
3. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളെയും നേരിൽകണ്ട് നിവേദനം നൽകി ബി.എസ്.എൻ.എൽ. സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് പിന്തുണ തേടണം.

**മഹിളാ കൺവെൻഷൻ:**

സർക്കിൾ പ്രവർത്തകസമിതി തീരുമാനപ്രകാരം സർക്കിൾ മഹിളാ കൺവെൻഷൻ മാർച്ച് 14 ന് എറണാകുളത്ത് ചേർന്നു. കൺവെൻഷൻ ജനാധിപത്യമഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം അഡ്വ.കെ.തുളസി ടീച്ചർ ഉദ്ഘാടനം ചെയ്തു. ബി.എസ്.എൻ.എൽ.വർക്കിംഗ് വുമൻസ് കോർഡിനേഷൻ കമ്മിറ്റി കൺവീനർ സ: പി.ഇന്ദിര മുഖ്യ പ്രഭാഷണം നടത്തി. അഖിലേന്ത്യാ ഭാരവാഹികളായ സ.എം. വിജയകുമാർ, സ. പി.ആർ.പരമേശ്വരൻ, സർക്കിൾ സെക്രട്ടറി സ.സി.സന്തോഷ്കുമാർ, പ്രസിഡന്റ് സ.പി.മനോഹരൻ എന്നിവർ അഭിവാദ്യം ചെയ്തു. സർക്കിൾ അസി.സെക്രട്ടറി സ.കെ.എൻ.ജ്യോതിലക്ഷ്മി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മഹിളാ കമ്മിറ്റി കൺവീനർ സ.വി.ഭാഗ്യലക്ഷ്മി സ്വാഗതവും, എറണാകുളം മഹിളാകമ്മിറ്റി കൺവീനർ സ.സോഫി ജോർജ് നന്ദിയും രേഖപ്പെടുത്തി. വിവിധ ജില്ലകളിൽനിന്നായി 93 മഹിളാ ജീവനക്കാർ പങ്കെടുത്തു. കണ്ണൂർ 12, കോഴിക്കോട് - 13, മലപ്പുറം - 2, പാലക്കാട് - 5, തൃശ്ശൂർ 5, എറണാകുളം-22, കോട്ടയം-11, പത്തനംതിട്ട-3, ആലപ്പുഴ-7, കൊല്ലം-9, തിരുവവനന്തപുരം-3, സിവിൽ-1.

**യംഗ് വർക്കേഴ്സ് കൺവെൻഷൻ:**

മാർച്ച് 10-25 വരെയുള്ള തീയതികളിൽ യംഗ് വർക്കേഴ്സ് കൺവെൻഷൻ ചേരുവാൻ സർക്കിൾ പ്രവർത്തകസമിതി തീരുമാനിച്ചിരുന്നു. 25 നു മുമ്പുതന്നെ കൺവെൻഷൻ പൂർത്തീകരിക്കണം. വിശദവിവരങ്ങൾ സർക്കിൾ യൂണിയനെ അറിയിക്കണം.

**സൗഹൃദ കൂട്ടായ്മ:**

കേരളത്തിൽ നൂറ് കേന്ദ്രങ്ങളിൽ സൗഹൃദകൂട്ടായ്മ സംഘടിപ്പിക്കാൻ സർക്കിൾ പ്രവർത്തകസമിതി തീരുമാനിച്ചിരുന്നു. ഓരോ ജില്ലയിലും പരമാവധി (മിനിമം 10) കൂട്ടായ്മകൾ സംഘടിപ്പിക്കണം. എ.ഐ.ബി.ഡി.പി.എ., സി.സി.എൽ.യു. സംഘടനകളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ സംഘാടക സമിതികൾ രൂപീകരിച്ച് കൂട്ടായ്മ വജയിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട് ജില്ലകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ സർക്കിൾ യൂണിയനെ അറിയിക്കണം.

**മഹിളാദിനം:**

സാർവ്വദേശീയ മഹിളാദിനം തിരുവനന്തപുരം, സർക്കിൾ ഓഫീസ്, സിവിൽ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും ഭംഗിയായി സംഘടിപ്പിച്ചു.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.